തോടുകൾ നവീകരിച്ചു. ഇതിനായി 71 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. പൊളുകളങ്ങൾ നവീകരണം നടത്തിയിട്ടില്ല. പ്രവൃത്തികളുടെ വിശദാംശം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(ബി) നവീകരണം നടത്തേണ്ട പൊളുകളുങ്ങളുടെ പുതുക്കിയ ലിസ്റ്റ് ലഭ്യമാക്കാൻ ചീഫ് എഞ്ചിനീയർ (ഐ&എ)യോട് ആവശ്യപ്പെട്ടിട്ടുണ്ട്. പുതുക്കിയ ലിസ്റ്റ് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ചേർത്തലയിലെ നഗരഭാഗത്തോട് ചേർന്നുകിടക്കുന്ന എ.എസ്.കനാൽ, റ്റി.ബി. കനാൽ, മിൽസ് കനാൽ, പുത്തോട്ട വാരനാട് തോട് എന്നിവ നവീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ലഭിക്കുന്നമുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

കുട്ടനാട്ടിലെ പൈപ്പ് ലൈനുകളുടെ അറ്റകുറ്റപണികൾ

141 (4944) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട്ടിലെ കാലപ്പഴക്കത്തിൽ തകരുന്ന പൈപ്പ് ലൈനുകളുടെ അറ്റകുറ്റ പണികൾക്ക് കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പഞ്ചായത്ത് തിരിച്ച് മുമ്പ് നിലവിൽ ഉണ്ടായിരുന്നതുപോലെ വാർഷിക പൈപ്പ് ലൈൻ മെയിന്റനൻസ് കോൺട്രാക്ട് പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ട് ബഹു. മുഖ്യമന്ത്രിയുടെ യോഗത്തിൽ സമർപ്പിച്ച അപേക്ഷയിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മുമ്പ് നിലവിലുണ്ടായിരുന്ന അവസ്ഥ പുനഃസ്ഥാപിക്കുന്നതിനായി വാർഷിക അറ്റകുറ്റപ്പണികൾക്ക് ദർഘാസ് ക്ഷണിച്ചിട്ട് ആരും പങ്കെടുത്തിട്ടില്ല. ആയതിനാൽ ആവശ്യാനുസരണം ക്വട്ടേഷനുകൾ ക്ഷണിച്ചാണ് ഇപ്പോൾ അറ്റകുറ്റപ്പണികൾ നടത്തിവരുന്നത്.

കല്ല്യാശ്ശേരി മണ്ഡലത്തിലെ നബാർഡ് ആർ.ഐ.ഡി.എഫ്. സ്കീമിൽ സമർപ്പിച്ച പ്രവൃത്തികൾ

142 (4945) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) ജലവിഭവ വകുപ്പിന് കീഴിൽ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ നബാർഡ് ആർ.ഐ.ഡി.എഫ്. XVII സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച നാല് പ്രോജക്ടുകളിൽ ഇപ്പോൾ ഏതൊക്കെ പ്രവൃത്തികൾക്കാണ് പുതുക്കിയ ഭരണാനുമതി ലഭിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ ;

(ബി) നബാർഡിന്റെ ആർ. ഐ. ഡി. എഫ്. 21 സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏതൊക്കെ പ്രോജക്ടുകളുടെ എസ്റ്റിമേറ്റുകളാണ് ജലവിഭവവകുപ്പ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആർ.ഐ.ഡി.എഫ്. XVII സ്കീമിൽ ഉൾപ്പെടുത്തിയ നാല് പ്രോജക്ടുകളിൽ ഒരു പ്രവൃത്തിക്ക് ആർ.ഐ.ഡി.എഫ് XX-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. കണ്ണപുരം പഞ്ചായത്തിൽ അയ്യോത്ത് ആയിരം തെങ്ങിൽ പുത്തരിത്തോൽ തോടിന് കുറുകെ ഒരു SWECB-യുടെ നിർമ്മാണ പ്രവൃത്തിയ്ക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. അടങ്കൽ തുക - 40.00 ലക്ഷം രൂപ

(ബി) നബാർഡ് ആർ.ഐ.ഡി.എഫ്. XXI-ൽ ഉൾപ്പെടുത്തുന്നതിനായി മൂന്ന് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. അവ താഴെപ്പറയുന്നു :

1. കണ്ണപുരം പഞ്ചായത്തിൽ കയറ്റയിൽ മുക്കോല ബണ്ടിൽ ഒരു SWECB-യുടെ നിർമ്മാണവും ഒരു എർത്തൻ ബണ്ട് നിർമ്മാണവും. അടങ്കൽ തുക 42.00 ലക്ഷം രൂപ.

2. ചെറുകുന്ന് പഞ്ചായത്തിൽ മുട്ടിൽകാപ്പ് റെഗുലേറ്ററിന്റെ അഭിവൃദ്ധിപ്പെടുത്തൽ അടങ്കൽ തുക - 104.65 ലക്ഷം രൂപ.

3. ചെറുകുന്ന് പഞ്ചായത്തിൽ ഗവൺമെന്റ് ആയുർവേദ ഹോസ്പിറ്റലിന് സമീപം റി. സർവ്വേ നമ്പർ 122 ൽ ഒരു SWECB-യുടെ നിർമ്മാണ പ്രവൃത്തി. അടങ്കൽ തുക -53 ലക്ഷം രൂപ.

മുല്ലപ്പെരിയാർ അണക്കെട്ടിന് തീവ്രവാദി ഭീഷണി

143 (4946) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. അജിത് :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly